# Malayala Manorama

## 19 August 2018

## Kochi, Flood Affected Areas, Transformers Turned off

# ട്രാൻസ്ഫോമറുകൾ ഓഫാക്കി

കൊച്ചി • പ്രളയബാധിത പ്രദേശങ്ങളിലെ മൂവായിരത്തിമുന്നൂറോളം ട്രാൻസ്ഫോമറുകൾ സുരക്ഷാ കാരണത്താൽ ഓഫാക്കിയതോടെ എറണാകുളം ജില്ലയിലെ പകുതിയോളം പ്രദേശങ്ങൾ ഇരുട്ടിലാണ്. വെള്ളമിറങ്ങിത്തുടങ്ങിയ പ്രദേശങ്ങളിൽ 300 ട്രാൻസ്ഫോമറുകളിലൂടെ ഇന്നലെ വൈദ്യുതി വിതരണം പുനരാരംഭിച്ചു. അതേസമയം കൊച്ചി നഗരത്തിനുള്ളിൽ വൈദ്യുതി വിതരണത്തിനു മുടക്കമില്ല. തൃപ്പൂണിത്തുറ, മട്ടാഞ്ചേരി മേഖലകളിലും വിതരണത്തിനു തടസ്സമില്ല. എന്നാൽ, പല സബ്സ്റ്റേഷനുകളും ഇപ്പോഴും വെള്ളത്തിനടയിലായതിനാൽ ഈ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം പുനരാരംഭിക്കാൻ ദിവസങ്ങൾ വേണ്ടിവരുമെന്ന് കെഎസ്ഇബി അധികൃതർ പറഞ്ഞു.

മലയാറ്റൂർ, കൂവപ്പടി, കുറുമശേരി, കാലടി, ആലുവ, പറവൂർ, വരാപ്പുഴ, ആലങ്ങാട്, മൂത്തകുന്നം, വടക്കേക്കര, ചേന്ദമംഗലം തുടങ്ങിയ സബ്സ്റ്റേഷനുകളിൽ വെള്ളം കയറി.11 കെവി ലൈൻ പോകുന്ന ആലുവ, പെരുമ്പാവൂർ, കാലടി, പറവൂർ മേഖലകളിലെ ട്രാൻസ്ഫോമറുകൾ മുങ്ങിപ്പോയിട്ടുണ്ട്. പല സബ്സ്റ്റേഷനുകളിലെയും ഉപകരണങ്ങളും പ്രധാന രേഖകളും നശിച്ചു. ഇലക്ട്രിക്കൽ ഇൻസ്റ്റലേഷൻ സംവിധാനം പൂർവസ്ഥിതിയിലാക്കാതെ ചാർജ് ചെയ്യാനാവില്ല. വെള്ളം താഴ്ന്നിറങ്ങിയാലും വൈദ്യുതി ലഭ്യമാക്കാൻ കാലതാമസം വരുന്നത് ഇക്കാരണത്താലാണ്.

പിറവം, വാഴക്കുളം, മൂവാറ്റുപുഴ, കല്ലൂർക്കാട്, റയോൺപുരം തുടങ്ങിയ മേഖലകളിലെ വൈദ്യുതി വിതരണം ഇന്നലെ പുനരാരംഭിച്ചു. വൈപ്പിൻ, ഞാറയ്ക്കൽ എന്നീ മേഖലകളിൽ ഇരുപത്തിയഞ്ചോളം ട്രാൻസ്ഫോമറുകൾ ഓഫ് ചെയ്തിരിക്കുകയാണ്. ഏഴിക്കരയിലും വെങ്ങോലയിലും വൈദ്യുതി വിതരണം പൂർണമായി പുനരാരംഭിക്കാനായിട്ടില്ല.